

TUESDAY 13/08/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/08/2024

1. 2024-25 സംസ്ഥാനതല കർഷക ദിനാഘോഷ ഉദ്ഘാടനവും (ചിങ്ങം-1), 2023 വർഷത്തെ കാർഷിക അവാർഡ് വിതരണവും കൃഷിവകുപ്പിന്റെ സേവനങ്ങൾക്കുള്ള ഏക ജാലക സംവിധാനമായ കതിർ ആപ്പിന്റെലോഞ്ചും നിയമസഭ സമുച്ചയത്തിലെ ആർ. ശങ്കര നാരായണൻ തമ്പി ഹാളിൽ വച്ച് 17.08.2024 ശനിയാഴ്ച വൈകിട്ട് 3.00 മണിക്ക് നടത്തപ്പെടുന്നു.

2. SFAC കേരള (ചെറുകിട കർഷകരുടെ അഗ്രിബിസിനസ് കൺസോർഷ്യം) ഇന്നും നാളെയുമായി (2024 ഓഗസ്റ്റ് 13, 14) തിരുവനന്തപുരം ശ്രീകാര്യത്തുള്ള മരിയറാണി സെന്ററിൽ **'എഫ്പിഒ മാനേജ്മെൻറ് ആൻഡ് ബിസിനസ് പ്രൊമോഷൻ'** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ശില്പശാല സംഘടിപ്പിക്കുന്നു. ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദിന്റെ മുഖാമുഖം പരിപാടി ഉണ്ടായിരിക്കുന്നതാണ്. ചടങ്ങിൽ എഫ്പിഒ ചെയർപേഴ്സൺമാർ ,സി ഇ ഒ മാരും, പ്രോജക്റ്റ് ഡയറക്ടർ ആത്മ, പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുമായ ഡോ. ബി. അശോക് ഐ.എ.എസ്, കേരള സർക്കാർ കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത് എൻ. ഐ എ എസ്, കൃഷി ഡയറക്ടർ ഡോ. അദീല അബ്ദുള്ള ഐഎഎസ് എന്നിവർ പങ്കെടുക്കുന്നു.

3. പനമരം ബ്ലോക്ക് പഞ്ചായത്തിൻ്റെ ഈ വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഗോജീവ സുരക്ഷ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതി 12/08/2024 തിങ്കളാഴ്ച മുതൽ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി പനമരം ബ്ലോക്ക് പരിധിയിൽ എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെയുള്ള സമയത്ത് കർഷകരുടെ വീട്ടുപടിക്കൽ മൃഗ ചികിൽസാ സൗകര്യം ലഭ്യമാകും. ഓരോ സേവനത്തിനും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മരുന്ന് വാഹനചെലവ് ഉൾപ്പെടെ 450 രൂപ ഈടാക്കുന്നതാണ്. സേവനത്തിനായി 8281652476 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ഗുണനിയന്ത്രണ യൂണിറ്റിൻ്റെയും പുലിക്കുന്ന് ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു പാൽ ഗുണനിലവാര ബോധവൽക്കരണ പരിപാടി ഇന്ന് രാവിലെ (2024 ആഗസ്റ്റ് 13 ചൊവ്വാഴ്ച) 10.30 മുതൽ പുലിക്കുന്ന് എസ്.എൻ.ഡി.പി. ഹാളിൽ വച്ച് നടത്തപ്പെടുകയാണ്. ടി പരിപാടിയിൽ കർഷകർ ഉൽപാദിപ്പിക്കുന്ന പാലിൻ്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ മെച്ചപ്പെട്ട വില ഉൽപാദകർക്ക് ലഭിക്കുന്നതിനുള്ള ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നു.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ കോതുന്നതിന് വിദഗ്ധരായ തൊഴിലാളികളിൽ നിന്ന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 16/08/2024-തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ

ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ആഗസ്റ്റ് 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിലോ **training@rubberboard.org.in** എന്ന ഇ-മെയിലിലോ ബന്ധപ്പെടുക.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഇന്ന് (13.08.2024) **ആടുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. **കാർഷിക നിർദ്ദേശം** - തെങ്ങുകളിലെ ചെമ്പൻ ചെല്ലി ആക്രമണത്തെയും കൊമ്പൻ ചെല്ലി ആക്രമണത്തെയും നിയന്ത്രിക്കുന്നതിന് പാറ്റാ ഗുളികയും മണലും ചേർന്ന മിശ്രിതമോ, വേപ്പിൻ പിണ്ണാക്കും മണലും ചേർന്ന മിശ്രിതമോ, മെറ്റാറൈസിയം, ക്ലോറാന്ദ്രനിലിപ്രോൾ എന്നിവ ഇലകവിളിൽ നിക്ഷേപിക്കാവുന്നത്.

വാഴയിൽ തടതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ ക്ലോർപൈറിഫോസ് 2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു പിണ്ടിയിൽ തളിച്ച് കൊടുക്കുക.

പയറിലെ കരിവള്ളി രോഗത്തിനെതിരേ കാർബെണ്ടാസിം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കുക, പയർ വിത്ത് നടുന്നതിനു മുൻപായി ബാവിസ്റ്റിൻ 2 ഗ്രാം ചേർത്തതിനു ശേഷം നടുക

റബ്ബർ -വെട്ടുപട്ട നന്നായി ഉണങ്ങിയതിനു ശേഷമേ അടുത്ത ടാപ്പിംഗ് തുടരാൻ പാടുള്ളൂ. കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45, 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപട്ടയിൽ തളിച്ചുകൊടുക്കുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇഞ്ചിയുടെ വാട്ട രോഗത്തെ പ്രതിരോധിക്കാൻ തടങ്ങൾക്കിടയിൽ ബ്ലീച്ചിങ് പൗഡർ ഇട്ടുകൊടുക്കുക. രോഗം ബാധിച്ച തടങ്ങളിൽ സ്ട്രെപ്റ്റോമൈസിൻ 3 ഗ്രാം / 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ചുവട്ടിൽ ഒഴിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം